**തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം**
(സാന്നിദ്ധ്യം : അനുപമ.ടി.വി., ഐ.എ.എസ്.)

വിഷയം:- RFCT LARR ACT 2013 - ഭൂമി ഏറ്റെടുക്കൽ - ഗുരുവായൂർ റെയിൽവെ മേൽപ്പാല നിർമ്മാണം - സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് - സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

സൂചന:-
1. 03.11.2017 ലെ RBDCK മാനേജിംഗ് ഡയറക്ടറുടെ LA/T 104/17/1523 നമ്പർ കത്ത്
2. 25.11.2017 ലെ ഈ കാര്യാലയത്തിലെ ഇ 2 - 51186/2017 നമ്പർ നടപടിക്രമം
3. 07.08.2018 ലെ ഈ കാര്യാലയത്തിലെ ഇ 2 - 2410/18(2) നമ്പർ നടപടിക്രമം
4. 13.03.2019 ലെ ഈ കാര്യാലയത്തിലെ ഇ 2 - 2410/18(1) നമ്പർ നടപടിക്രമം

**<u>ഉത്തരവ് നം. ഇ 2 - 2410/18, തീയതി:01/06/2019</u>**

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക്, തൈക്കാട് വില്ലേജ് സർവ്വെ 2,3,4 ഇരിങ്ങപ്പുറം വില്ലേജ് സർവ്വെ 170,171,174 എന്നിവയിൽ ഉൾപ്പെട്ട 11.60 ആർ ഭൂമി ഗുരുവായൂർ റെയിൽവെ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം അർത്ഥനയും, 15.12.2017 ലെ പൊതുമരാമത്ത് (ഡി) വകുപ്പിന്റെ സ .ഉ.(സാധാ) നമ്പർ 1869/2017/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ളതുമാണ്. സൂചന (2) പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ. എ ജനറൽ, തൃശ്ശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

RFCT LARR ACT 2013 വകുപ്പ് 4 പ്രകാരം, ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി, സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO), കോതമംഗലം എന്നവരെ സൂചന (3) പ്രകാരം നിയോഗിച്ചിട്ടുള്ളതും, പ്രസ്തുത യൂണിറ്റിനെ നിയമിച്ചുകൊണ്ടുള്ള , RFCT LARR ചട്ടം 11(3) പ്രകാരമുള്ള വിജ്ഞാപനം (Form (4)), 04.09.2018 തിയ്യതിയിലെ 2474-ാം നമ്പറായി അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട്, സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് സമർപ്പിച്ചിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന (4) പ്രകാരം, വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതും, ഡോ. രമ്യ . ആർ, (അസി. പ്രൊഫസർ, സാമ്പത്തിക ശാസ്ത്ര വിഭാഗം , ശ്രീ സി . അച്യുതമേനോൻ ഗവ . കോളേജ് , കുട്ടനെല്ലൂർ, തൃശ്ശൂർ( സാമൂഹിക ശാസ്ത്രജ്ഞൻ)) എന്നവരെ ടി സമിതിയുടെ ചെയർപേഴ്സണായും ,ഡോ . ബിന്ദു കെ . (സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി , സെന്റ് മേരീസ് കോളേജ് , തൃശ്ശൂർ( സാമൂഹിക ശാസ്ത്രജ്ഞൻ)), ശ്രീമതി. പാർവ്വതി ദേവി. ഐ (സ്പെഷ്യൽ ഡെ. കളക്ടർ, എൽ. എ, NH17, കൊടുങ്ങല്ലൂർ,(പുനരധിവാസ പ്രവർത്തന വിദഗ്ധ)),ശ്രീ . രാമചന്ദ്രൻ പി . സി ( റിട്ട . ഡെപ്യൂട്ടി കളക്ടർ , തേവത്ത് വീട് , കുമാരനെല്ലൂർ പി . ഒ . ഓട്ടുപാറ , തൃശ്ശൂർ (പുനരധിവാസ പ്രവർത്തന വിദഗ്ധൻ)),ശ്രീ .കെ . കെ . അബ്ദുള്ളക്കുട്ടി (റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, KPWD, തൃശ്ശൂർ (സാങ്കേതിക വിദഗ്ധൻ)),ശ്രീമതി. പ്രിയ രാജേന്ദ്രൻ, ((കൗൺസിലർ ,വാർഡ് 23, ഗുരുവായൂർ നഗരസഭ)( നഗരസഭ പ്രതിനിധി)),ശ്രീമതി. ശ്രീദേവി ബാലൻ, ((കൗൺസിലർ ,വാർഡ് 27, ഗുരുവായൂർ നഗരസഭ)( നഗരസഭ പ്രതിനിധി)) എന്നിവരെ അംഗങ്ങളായും നിയോഗിച്ചിട്ടുള്ളതാണ്.

വിദഗ്ധ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ, കമ്മിറ്റി അംഗങ്ങൾ 28.03.2019 ന് രാവിലെ 11 മണിക്ക് ഡെപ്യൂട്ടി കളക്ടർ(എൽ.എ) യുടെ ചേംബറിൽ വിദഗ്ധ സമിതി അവലോകന യോഗം കൂടുകയും തുടർന്ന് 11.04.2019 ന് രാവിലെ 9 മണിക്ക് ഗുരുവായൂർ മേൽപ്പാലം നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലവും പഠന റിപ്പോർട്ടും വിശദമായി വിലയിരുത്തിയിട്ടുള്ളതുമാണ്.

RBDCK തയ്യാറാക്കിയ രൂപരേഖയനുസരിച്ച 11.60Are ഭൂമി മാത്രമാണ് ഏറ്റെടുക്കേണ്ടതായുള്ളത്. നിലവിലുള്ള PWD Road മുഴുവനായും ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതുകൊണ്ടാണ് ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞിട്ടുള്ളതെന്നും , പുതിയ allignment തയ്യാറാക്കുന്നപക്ഷം 100 Are ഭൂമി ഈ ആവശ്യത്തിനായി വേണ്ടി വരുമെന്നും ഇതു

സർക്കാരിന് അധികബാധ്യതക്കിടയാക്കുമെന്നതിനാൽ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള നിലവിലെ നടപടികളുമായി മുന്നോട്ടു പോകാവുന്നതാണെന്നും വിദഗ്ധ സമിതി വിലയിരുത്തിയിട്ടുള്ളതാണ്.

ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്ന 26 പേരിൽ ഉപജീവന മാർഗം നഷ്ടപ്പെടുന്നതായി ആരും തന്നെ ഇല്ലായെന്നും മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നതാണ് എല്ലാവരുടെയും ആവശ്യമെന്നും യോഗം വിലയിരുത്തിയിട്ടുള്ളതാണ്. നിർമ്മാണത്തോടനുബന്ധിച്ച രണ്ടുഭാഗത്തും നാലു മീറ്റർ വീതിയിൽ സർവീസ് റോഡ് നിർമ്മിക്കുന്നത് കൊണ്ട് ഭൂമി നഷ്ടപ്പെടുന്നവർ ഈ സർവീസ് റോഡ് ഉപയോഗയോഗ്യമാക്കാവുന്നതാണെന്നും, നിർമ്മാണത്തിന് ശേഷം ലഭ്യമാകുന്ന പാലത്തിന്റെ താഴെയുള്ള ഭാഗം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഉപയോഗിക്കാവുന്നതാണെന്നും, മേൽപ്പാല നിർമ്മാണത്തിനോടൊപ്പം നിർമ്മിക്കുന്ന സർവീസ് റോഡ് പൊതുജനങ്ങളുടെ ഗതാഗതത്തിനായി തുറന്നു കൊടുക്കാനും, ഇരുവശവും ഉള്ള സ്ഥാപനങ്ങൾക്കും വീടുകൾക്കും ഉപയോഗിക്കാവുന്നതാണെന്നും യോഗം വിലയിരുത്തി.

ലെവൽ ക്രോസിങ്ങിൽ കുടുങ്ങി നഷ്ടപ്പെടുന്ന ജീവിതങ്ങളുടെയും പൊതുജന ബുദ്ധിമുട്ടുകളും ഇന്ധന നഷ്ടവും ചർച്ചാ വിഷയമാകുകയും പ്രശസ്തമായ ഗുരുവായൂർ ക്ഷേത്രത്തിലേക്കുള്ള പ്രധാന വഴിയിൽ തന്നെ ഉള്ള ഈ ലെവൽ ക്രോസ് മാറ്റി പകരം റെയിൽവേ മേൽപ്പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്നു യോഗം ഏകകണ്ഠമായി വിലയിരുത്തി.

വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ ഈ രൂപരേഖ സാങ്കേതികമായും സാമ്പത്തികമായും മേന്മ പുലർത്തുന്നതാണെന്നു കമ്മിറ്റിയിലെ സാങ്കേതിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. കൂടാതെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് സമർപ്പിച്ച അന്തിമ റിപ്പോർട്ട് യോഗത്തിൽ പങ്കെടുത്ത എല്ലാ വിദഗ്ധ സമിതി അംഗങ്ങളും അംഗീകരിക്കുകയും തുടർന്ന് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്വിസിഷൻ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക്, തൈക്കാട് വില്ലേജ് സർവ്വെ 2,3,4 ഇരിങ്ങപ്പുറം വില്ലേജ് സർവ്വെ 170,171,174 എന്നിവയിൽ ഉൾപ്പെട്ട 11.60 ആർ ഭൂമി ഗുരുവായൂർ റെയിൽവെ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് RFCT LARR ACT 2013, വകുപ്പ് 8 ലെ 1,2 ഉപവകുപ്പുകൾ പ്രകാരം അംഗീകാരം നല്കി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് , വകുപ്പ് 8 ലെ 3-ാം ഉപവകുപ്പ പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം, ബാധിയ്ക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിയ്ക്കുന്നതിനും , തുടർനടപടികൾ സ്വീകരിയ്ക്കുന്നതിനുമായി സ്പെഷ്യൽ തഹസിൽദാർ, എൽ. എ ജനറൽ, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർ

സ്വീകർത്താവ് :

1) സ്പെഷൽ തഹസിൽദാർ (എൽ എ) ജനറൽ, തൃശ്ശൂർ (തുടർനടപടികൾ സ്വീകരിയ്ക്കുന്നതിനായി )

2) മാനേജിംഗ് ഡയറക്ടർ, RBDCK Ltd, കൊച്ചി

Signature Not Verified

Digitally signed by ANUPAMA T V IAS
Date: 2019.06.01 06:25:23 PDT
Reason: Approved